**നിയമനിർമ്മാണകാര്യം (തുടർച്ച)**

(ii) 2024-ലെ കേരള റദ്ദാക്കലും ഒഴിവാക്കലും ബില്ലിന്റെ അവതരണവും അനന്തരഘട്ടങ്ങളും

ചട്ടം സസ്പെൻഡ് ചെയ്യുന്നത് സംബന്ധിച്ച്

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, " ഇന്ന് സഭ മുമ്പാകെ അവതരിപ്പിക്കുന്ന 2024-ലെ കേരള റദ്ദാക്കലും ഒഴിവാക്കലും ബിൽ അവതരണത്തിനുശേഷം ഇന്നുതന്നെ പരിഗണനയ്ക്കെടുക്കുന്നതിലേയ്ക്കായി, കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 76(1)-ലെ വ്യവസ്ഥകൾ താൽക്കാലികമായി സസ്പെൻഡ് ചെയ്യുന്നതിന് ഈ സഭ തീരുമാനിക്കുന്നു" എന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, ഞാൻ ഉപക്ഷേപത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: ഉപക്ഷേപത്തെ

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ.............

ഉപക്ഷേപം സഭ അംഗീകരിച്ചിരിക്കുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, 2024-ലെ കേരള റദ്ദാക്കലും ഒഴിവാക്കലും ബിൽ ഞാൻ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

(നോട്ടീസ് നൽകിയ ശ്രീ. യു. എ. ലത്തീഫ് സീറ്റിലില്ലാതിരുന്നതിനാൽ തടസവാദം ഉന്നയിച്ചില്ല.)

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, 2024-ലെ കേരള റദ്ദാക്കലും ഒഴിവാക്കലും ബിൽ പരിഗണനയ്ക്കെടുക്കണമെന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, ഞാൻ ഉപക്ഷേപത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി സംസാരിക്കുന്നുണ്ടോ?

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഇതൊരു സാധാരണ നടപടിക്രമമായതിനാൽ സംസാരിക്കുന്നില്ല.

മി. സ്പീക്കർ: 2024-ലെ കേരള റദ്ദാക്കലും ഒഴിവാക്കലും ബിൽ പരിഗണനയ്ക്കെടുക്കണമെന്ന ഉപക്ഷേപത്തെ

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ.............

ഉപക്ഷേപം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ പരിഗണനയ്ക്കെടുക്കുന്നു.

രണ്ടാം വകുപ്പ്

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

3. ഖണ്ഡം 2-ൽ " ഭേദഗതി" എന്നത് ഒഴിവാക്കുക.

മി. സ്പീക്കർ: 2-ാം നമ്പർ ഭേദഗതി മാർജിനൽ ശീർഷകത്തിനുള്ളതാകയാൽ ക്രമപ്രകാരമല്ല.

ബഹുമാനപ്പെട്ട മന്ത്രി ഭേദഗതി സ്വീകരിക്കുന്നുണ്ടോ?

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഭേദഗതി സ്വീകരിക്കുന്നില്ല.

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ അവതരിപ്പിച്ച 3-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ..........

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

മൂന്നാം വകുപ്പ്

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

4. ഖണ്ഡം 3(1)-ന്റെ ക്ലിപ്ത നിബന്ധനകളിൽ " അതുമല്ല" എന്നത് ഒഴിവാക്കുക.

5. ഖണ്ഡം 3(2)-ൽ " വ്യവസ്ഥകൾ" എന്നതിന് പകരം " വ്യവസ്ഥകൾക്ക്" എന്ന് ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ അവതരിപ്പിച്ച 4, 5 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ..........

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

പട്ടിക

(ഭേദഗതികളില്ല)

പട്ടിക ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ..........

പട്ടിക ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

പട്ടിക ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഒന്നാം വകുപ്പും പീഠികയും പേരും

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1. പീഠികയിൽ " ചില" എന്നതിനുപകരം " ഏതാനും" എന്ന് ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതി സ്വീകരിക്കുന്നുണ്ടോ?

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഭേദഗതി സ്വീകരിക്കുന്നില്ല.

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ അവതരിപ്പിച്ച 1-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ.........

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായിരിക്കുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, 2024-ലെ കേരള റദ്ദാക്കലും ഒഴിവാക്കലും ബിൽ പാസ്സാക്കണമെന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, ഞാൻ ഉപക്ഷേപത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: 2024-ലെ കേരള റദ്ദാക്കലും ഒഴിവാക്കലും ബിൽ പാസ്സാക്കണമെന്ന ഉപക്ഷേപത്തെ

അനുകൂലിക്കുന്നവർ.............

പ്രതികൂലിക്കുന്നവർ.............

ഉപക്ഷേപം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ പാസ്സായിരിക്കുന്നു.

ഇന്ന് സഭാ സമ്മേളനത്തിനുശേഷം മെമ്പേഴ്സ് ലോഞ്ചിൽ സംഘടിപ്പിക്കുന്ന കെ-ലാംപ്സിന്റെ പരിപാടിയിലും അത്താഴവിരുന്നിലും എല്ലാ അംഗങ്ങളും പങ്കെടുക്കണമെന്ന് അഭ്യർഥിക്കുന്നു.

ഓർഡർ....ഓർഡർ.... സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2024 ഒക്ടോബർ മാസം 10-ാം തീയതി വ്യാഴാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിലേയ്ക്കായി സഭ ഉച്ചയ്ക്കുശേഷം 02.58-ന് പിരിഞ്ഞു.)

P-09-10-2024

HA-NV (I)
9.20-9.30

**അനുബന്ധം-I**

<u>ചോദ്യം നമ്പർ (*62)-ന്റെ 'എ' പിരിവിന്റെ വിശദമായ മറുപടി</u>

ഭൂമി ലഭ്യമാക്കി പുനരധിവസിപ്പിക്കുന്ന പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഭവനം, കുടിവെള്ളം, റോഡ്, വൈദ്യുതി തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതോടൊപ്പം അവരുടെ ജീവനും സ്വത്തും സംരക്ഷിക്കുന്നതിനും ജീവനോപാധികൾക്കുമുള്ള പദ്ധതികളും ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

ആദിവാസി പുനരധിവാസ വികസന മിഷൻ മുഖേന നാളിതുവരെയായി ലാൻഡ് ബാങ്ക് പദ്ധതി പ്രകാരം 368 പട്ടികവർഗ്ഗക്കാർക്ക് 66.52 ഏക്കർ ഭൂമിയും നിക്ഷിപ്ത വനഭൂമി വിതരണം പദ്ധതി പ്രകാരം 4217 പേർക്ക് 5263.83 ഏക്കർ ഭൂമിയും വനാവകാശ നിയമപ്രകാരം 29027 പേർക്ക് 38819.22 ഏക്കർ ഭൂമിയും റവന്യൂ/ഫാം/പ്രോജക്ട് ഭൂമി വിതരണം പദ്ധതി പ്രകാരം 6760 പേർക്ക് 7012.29 ഏക്കർ ഭൂമിയും 'ആശിക്കും ഭൂമി ആദിവാസിക്ക് സ്വന്തം' എന്ന പദ്ധതി പ്രകാരം 816 പേർക്ക് 386.04 ഏക്കർ ഭൂമിയും വയനാട് ജില്ലയിൽ വെള്ളപ്പൊക്കത്തിൽ ഭൂമി നഷ്ടപ്പെട്ട 171 പേർക്ക് 20.47 ഏക്കർ ഭൂമിയും വിതരണം ചെയ്തിട്ടുണ്ട്. ഇത്തരത്തിൽ നാളിതുവരെയായി ആകെ 41359 പേർക്ക് 51568.37 ഏക്കർ ഭൂമി വിതരണം ചെയ്തിട്ടുണ്ട്.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ലാൻഡ് ബാങ്ക് പദ്ധതി പ്രകാരം 260 പട്ടികവർഗ്ഗക്കാർക്ക് 50.83 ഏക്കർ ഭൂമിയും നിക്ഷിപ്ത വനഭൂമി വിതരണം പദ്ധതി പ്രകാരം 718 പേർക്ക് 243.80 ഏക്കർ ഭൂമിയും വനാവകാശ നിയമ പ്രകാരം 2731 പേർക്ക് 3937.62 ഏക്കർ ഭൂമിയും റവന്യൂ/ഫാം/പ്രോജക്ട് ഭൂമി വിതരണ പദ്ധതി പ്രകാരം 27 പേർക്ക് 20.98 ഏക്കർ ഭൂമിയും വിതരണം ചെയ്തിട്ടുണ്ട്. ഇത്തരത്തിൽ ആകെ 3736 പേർക്ക് 4253.23 ഏക്കർ ഭൂമി വിതരണം ചെയ്തിട്ടുണ്ട്.

ചോദ്യം നമ്പർ (*62)-ന്റെ 'ബി' പിരിവിന്റെ വിശദമായ മറുപടി

പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ആദിവാസി പുനരധിവാസ വികസന മിഷൻ മുഖേന ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ലാൻഡ് ബാങ്ക് പദ്ധതി, നിക്ഷിപ്ത വനഭൂമി വിതരണം, റവന്യൂ/ഫാം/പ്രോജക്ട് ഭൂമി വിതരണം, വനാവകാശ നിയമം പ്രകാരമുള്ള ഭൂമി വിതരണം എന്നീ പദ്ധതികളിലൂടെ 3736 പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് 4253.23 ഏക്കർ ഭൂമി വിതരണം ചെയ്തിട്ടുണ്ട്. ആയത് ചുവടെ ചേർക്കുന്നു.

| **പദ്ധതി** | **ഗുണഭോക്താക്കളുടെ എണ്ണം** | **ലഭ്യമാക്കിയ ഭൂമിയുടെ അളവ് (ഏക്കർ)** |
|---|---|---|

| | | |
|---|---|---|
| വനാവകാശ നിയമം | 2731 | 3937.62 |
| റവന്യൂ/ഫാം/പ്രോജക്ട് ഭൂമി വിതരണം | 27 | 20.98 |
| ലാൻഡ് ബാങ്ക് പദ്ധതി | 260 | 50.83 |
| നിക്ഷിപ്ത വനഭൂമി വിതരണം | 718 | 243.80 |
| **ആകെ** | **3736** | **4253.23** |

ചോദ്യം നമ്പർ (*62)-ന്റെ 'സി' പിരിവിന്റെ വിശദമായ മറുപടികൾ

**അനുബന്ധം-1**

സംസ്ഥാനത്ത് പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരെ സാമൂഹിക സാമ്പത്തിക ആരോഗ്യ രംഗങ്ങളിൽ മുഖ്യധാരയിൽ എത്തിക്കുന്നതിന് വകുപ്പ് നടപ്പിലാക്കിവരുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.

**എ) വിദ്യാഭ്യാസം**

സ്കീമുകൾ

- പ്രീ-മെട്രിക് സ്കോളർഷിപ്പ് പദ്ധതി
- പ്രീ-മെട്രിക് സ്കോളർഷിപ്പ് പദ്ധതി 9, 10 ക്ലാസ്സുകളിൽ (100% കേന്ദ്രാവിഷ്കൃത പദ്ധതി)

- പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് പദ്ധതി
- പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് പദ്ധതി (കേന്ദ്ര സർക്കാർ സ്കോളർഷിപ്പ് പദ്ധതി)
- ഹോസ്റ്റലുകൾ/എം.ആർ.എസ്.-കൾ
- വിദേശ പഠനത്തിനുള്ള ധനസഹായം
- അന്യസംസ്ഥാന പഠനം
- അയ്യങ്കാളി മെമ്മോറിയൽ ടാലന്റ് സെർച്ച് ആൻഡ് ഡെവലപ്മെന്റ് പദ്ധതി
- സമർത്ഥരായ വിദ്യാർത്ഥികൾക്ക് പ്രത്യേക പ്രോത്സാഹനം
- മെഡിക്കൽ/എഞ്ചിനീയറിംഗ് കോഴ്സുകൾക്ക് പ്രവേശനം ലഭിച്ചവർക്കുള്ള ധനസഹായം
- പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പൊതുപ്രവേശന പരീക്ഷാ പരിശീലനം
- ലാപ്ടോപ്പ് വിതരണം

- സാമൂഹ്യ പഠനമുറി
- ഗോത്രബന്ധു പദ്ധതി
- വിദ്യാവാഹിനി (ഗോത്രസാരഥി) പദ്ധതി
- സിവിൽ സർവീസ് പരീക്ഷാ പരിശീലനം
- ട്യൂട്ടോറിയൽ ഗ്രാന്റ്
- ഭാരത ദർശൻ (പ്രത്യേക ദുർബല ഗോത്ര വിഭാഗം) സ്കൂൾ കോളേജ് വിദ്യാർത്ഥികൾക്ക് പഠനയാത്ര
- രക്ഷിതാക്കൾക്ക് പ്രോത്സാഹന ഗ്രാന്റ്
- വസ്ത്ര വിതരണം
- അനാഥരായ കുട്ടികൾക്കുള്ള സഹായം
- മോഡൽ പ്രീ-സ്കൂളുകളുടെ നടത്തിപ്പ്

**ബി) ആരോഗ്യം**

- സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതി

- ചികിത്സാ ധനസഹായം

- അരിവാൾ രോഗികൾക്കുള്ള സാമ്പത്തിക സഹായം

- ആംബുലൻസ് സേവനം

- മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ

- ജനനി ജന്മരക്ഷാ പദ്ധതി

- പട്ടികവർഗ്ഗ ദുരിതാശ്വാസ നിധി

**സി) സാമൂഹിക- സാമ്പത്തിക ഉന്നമന പദ്ധതികൾ**

- അടിയൻ, പണിയൻ, പ്രാക്തന ഗോത്രവർഗക്കാർ, വനത്തിൽ ജീവിക്കുന്ന പട്ടികവർഗക്കാർ എന്നിവർക്കുള്ള പ്രത്യേക പരിപാടി

- ഭക്ഷ്യ സഹായ പദ്ധതി

- കൈത്താങ്ങ്

- പൂൾഡ് ഫണ്ട് പദ്ധതികൾ

- അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതി

- പെൺകുട്ടികൾക്കുള്ള വിവാഹ ധനസഹായം
- കോർപ്പസ് ഫണ്ട് പദ്ധതികൾ
- പട്ടികവർഗ്ഗ പ്രൊമോട്ടർമാർ
- ഊരുകൂട്ടങ്ങൾ
- പ്രധാനമന്ത്രി ആദി ആദർശ് യോജന (പ്രത്യേക കേന്ദ്ര സഹായ പദ്ധതികൾ)
- ഭവനരഹിതർക്ക് ഭവനം
- വീടുകളുടെ അറ്റകുറ്റപ്പണി
- പട്ടികവർഗ്ഗ ക്ഷേമ സ്ഥാപനങ്ങളുടെ ധനസഹായം
- ആർട്ടിക്കിൾ 275(1) പ്രകാരമുള്ള ഗ്രാന്റിൽ നടപ്പിലാക്കുന്ന പദ്ധതികൾ
- ഏറ്റവും പിന്നാക്കമായ പട്ടികവർഗ്ഗക്കാർക്കുള്ള തൊഴിൽ പരിശീലനം
- പട്ടികവർഗ്ഗക്കാർക്കായുള്ള വരുമാനദായക കാർഷിക ഉദ്യമം
- വിവര വിനിമയ വിദ്യാഭ്യാസ പദ്ധതി (IEC)

- പ്രതിബദ്ധതയുള്ള സാമൂഹ്യ പ്രവർത്തകരുടെ സേവനം
- കമ്മ്യൂണിറ്റി കിച്ചൺ
- ലാൻഡ് ബാങ്ക് പദ്ധതി
- വംശീയ വൈദ്യന്മാർക്ക് ധനസഹായം
- വയനാട് ഗോത്രഭാഷ പഠന കേന്ദ്രം
- പി.കെ. കാളൻ കുടുംബക്ഷേമ പദ്ധതി
- ഗോത്ര വാത്സല്യ നിധി
- ആറളം സമഗ്ര പാക്കേജ്
- ഇന്റർനെറ്റ് കണക്ടിവിറ്റി
- അട്ടപ്പാടി കോ-ഓപ്പറേറ്റീവ് ഫാമിംഗ് സൊസൈറ്റി - ആറളം ഫാം പുനരുദ്ധാരണ പാക്കേജ്
- കേരള ട്രൈബൽ പ്ലസ് പദ്ധതി
- ഗോത്ര ജീവിക

- മില്ലറ്റ് വില്ലേജ്
- സോഷ്യൽ വർക്കർമാർ
- മിശ്രവിവാഹ ധനസഹായം
- നമത് വെള്ളാമെ പദ്ധതി
- ഹരിത രശ്മി
- ഇടമലക്കുടി സമഗ്ര പാക്കേജ്
- വനാവകാശ നിയമം നടപ്പിലാക്കൽ
- അതിക്രമം തടയൽ നിയമപ്രകാരം ധനസഹായം
- ഉന്നതി - സംരംഭകത്വം വികസന പരിപാടിയും സ്റ്റാർട്ടപ്പുകളും (പുതിയ പദ്ധതി)

**<u>അനുബന്ധം-2</u>**

1. <u>ഒ.ഇ.സി. പ്രീമെട്രിക് വിദ്യാഭ്യാസാനുകൂല്യങ്ങൾ</u>

സംസ്ഥാനത്തെ സർക്കാർ/എയ്ഡഡ്/അൺ-എയ്ഡഡ്/അഫിലിയേറ്റഡ് സ്കൂളുകളിൽ 1 മുതൽ 10 വരെ ക്ലാസുകളിൽ പഠിക്കുന്ന ഒ.ഇ.സി./ഒ.ബി.സി.(എച്ച്) വിദ്യാഭ്യാസാനുകൂല്യം അനുവദിക്കുന്നു.

- ഒ.ഇ.സി. സമുദായങ്ങൾക്ക് വരുമാന പരിധിയില്ല.
- ഒ.ബി.സി.(എച്ച്)-ന് 6 ലക്ഷം രൂപയാണ് വരുമാന പരിധി.
- നടപ്പ് വർഷത്തെ ക്ലെയിമുകൾ ഇ-ഗ്രാൻഡ്സ് മുഖേന അടിയന്തരമായി ലഭ്യമാക്കുന്നതിന് സ്കൂളുകൾക്ക് നിർദേശം നൽകിയിട്ടുണ്ട്.
- ഇ-ഗ്രാന്റ്സ് മുഖേന സ്കൂളുകളിൽനിന്നും ക്ലെയിം ജനറേറ്റ് ചെയ്ത് ലഭ്യമാക്കുന്ന മുറയ്ക്ക് ആനുകൂല്യത്തുക വിദ്യാർത്ഥികളുടെ ബാങ്ക് അക്കൗണ്ടുകളിലേയ്ക്ക് കൈമാറി വരുന്നു.

2. <u>ഒ.ബി.സി., ഇ.ബി.സി., പ്രീമെട്രിക് സ്കോളർഷിപ്പ്-കേന്ദ്രാവിഷ്കൃത പദ്ധതി (60% CSS)</u>

- 60% കേന്ദ്ര സഹായത്തോടെ നടപ്പിലാക്കുന്ന പദ്ധതി.
- സംസ്ഥാനത്തെ സർക്കാർ/സർക്കാർ എയ്ഡഡ് സ്കൂളുകളിൽ 9, 10 ക്ലാസുകളിൽ പഠിക്കുന്ന ഒ.ബി.സി. വിദ്യാർത്ഥികൾക്ക് പഠന മികവിന്റെ

അടിസ്ഥാനത്തിൽ പ്രതിവർഷം 4000/- രൂപ സ്കോളർഷിപ്പ് അനുവദിക്കുന്നു.

- കുടുംബ വാർഷിക വരുമാന പരിധി - 2.5 ലക്ഷം രൂപ.
- ഇ-ഗ്രാന്റ്സ് മുഖേന സ്കൂളുകളിൽനിന്നും ക്ലെയിം ജനറേറ്റ് ചെയ്ത് ലഭ്യമാകുന്ന മുറയ്ക്ക് ആനുകൂല്യത്തുക വിദ്യാർത്ഥികളുടെ ബാങ്ക് അക്കൗണ്ടുകളിലേയ്ക്ക് കൈമാറി വരുന്നു.
- നടപ്പ് വർഷം റിലീസ് തുകയൊന്നും ലഭ്യമായിട്ടില്ല.
- നടപ്പ് വർഷത്തെ ക്ലെയിമുകൾ ഇ-ഗ്രാന്റ്സ് മുഖേന ലഭ്യമാക്കുന്നതിന് സ്കൂളുകൾക്ക് നിർദേശം നൽകിയിട്ടുണ്ട്.

3. <u>പോസ്റ്റ്മെട്രിക് വിദ്യാഭ്യാസാനുകൂല്യങ്ങൾ (സംസ്ഥാന പദ്ധതി)</u>

- 4 ഉപഘടകങ്ങളോടെയാണ് പദ്ധതി നടപ്പാക്കുന്നത്.
- 1. ഒ.ഇ.സി. പോസ്റ്റ്മെട്രിക് വിദ്യാഭ്യാസാനുകൂല്യം, 2. KPCR വിദ്യാഭ്യാസാനുകൂല്യം, 3. ഹയർ സെക്കൻഡറി മെറിറ്റ് അവാർഡ്, 4. പോസ്റ്റ്മെട്രിക് ഹോസ്റ്റൽ പ്രവർത്തനം.

- +2 മുതൽ Ph.D വരെയുള്ള കോഴ്സുകളിൽ പ്രവേശനം നേടുന്ന ഒ.ഇ.സി., ഒ.ബി.സി. (എച്ച്) വിഭാഗം വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസാനുകൂല്യം നൽകുന്നു.

- കുമാരപ്പിള്ള കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ SEBC വിഭാഗത്തിൽപ്പെട്ട സർക്കാർ/എയ്ഡഡ് സ്ഥാപനങ്ങളിലെ പോസ്റ്റ്മെട്രിക് വിദ്യാർത്ഥികൾക്കും സ്വാശ്രയ എഞ്ചിനീയറിംഗ് കോഴ്സുകളിലെ വിദ്യാർത്ഥികൾക്കും സർക്കാർ നിരക്കിലുള്ള ഫീസ് അനുവദിക്കുന്നു.

- KPCR വിദ്യാഭ്യാസാനുകൂല്യത്തിനുള്ള കുടുംബ വാർഷിക വരുമാന പരിധി - ഒരു ലക്ഷം രൂപ.

- സ്ഥാപനങ്ങളിൽനിന്നും ഇ-ഗ്രാന്റ്സ് വെബ് പോർട്ടൽ മുഖേന ക്ലെയിമുകൾ സമർപ്പിക്കുന്നതിന്റെയും പട്ടികജാതി വികസന വകുപ്പ് മുഖേന അർഹമായ തുക Sanction ചെയ്ത് ലഭ്യമാക്കുന്നതിന്റെയും

അടിസ്ഥാനത്തിൽ ബന്ധപ്പെട്ട ശീർഷകങ്ങളിൽ ആനുകൂല്യത്തുക വിതരണം ചെയ്തുവരുന്നു.

- മുൻവർഷങ്ങളിലെ കുടിശ്ശിക സഹിതം തുക പൂർണ്ണമായും വിതരണം ചെയ്യുന്നതിന് 500 കോടി രൂപ അധിക ധനാനുമതി അഭ്യർത്ഥിച്ചിട്ടുണ്ട്.

- ഹയർ സെക്കൻഡറി ഉന്നത വിജയം കരസ്ഥമാക്കിയവർക്ക് മെറിറ്റ് അവാർഡ് നൽകുന്നു.

- ഓരോ അധ്യയന വർഷത്തേയും ഹയർ സെക്കൻഡറി പരീക്ഷാഫലം അനുസരിച്ച് മികച്ച വിജയം കരസ്ഥമാക്കിയ ആദ്യ 100 പേർക്ക് 10,000/- രൂപ ക്യാഷ് അവാർഡ് നൽകുന്നതിന് 2022-23-ൽ ആരംഭിച്ച പദ്ധതി.

- വരുമാന പരിധി 5 ലക്ഷം രൂപ.

- ബഹുമാനപ്പെട്ട വകുപ്പുമന്ത്രി പങ്കെടുക്കുന്ന പൊതുചടങ്ങിൽവച്ച് വിതരണം ചെയ്യുന്നു.

- എറണാകുളം കാക്കനാട് ഹൗസിംഗ് ബോർഡിന്റെ ഉടമസ്ഥതയിൽ സ്ഥിതിചെയ്യുന്ന കെട്ടിടത്തിൽ പെൺകുട്ടികൾക്ക് താമസിച്ച് പഠിക്കുന്നതിന് പോസ്റ്റ്മെട്രിക് ഹോസ്റ്റൽ ആരംഭിച്ച് നടപ്പാക്കിവരുന്നു.

- ഒ.ബി.സി. വിഭാഗങ്ങൾക്ക് 3000/- രൂപയും ഒ.ഇ.സി/ഒ.ബി.സി.(എച്ച്) വിഭാഗങ്ങൾക്ക് 4500/- രൂപയും ഹോസ്റ്റൽ ഫീസ് അനുവദിക്കുന്നു.

- വാർഷിക വരുമാന പരിധി 8 ലക്ഷം രൂപ.

4. ഒ.ബി.സി., ഇ.ബി.സി. പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് - കേന്ദ്രാവിഷ്കൃത പദ്ധതി (60% CSS)

- 60% കേന്ദ്ര സഹായത്തോടെ നടപ്പിലാക്കുന്ന പദ്ധതി.

- സംസ്ഥാനത്തെ ഒ.ബി.സി. വിഭാഗത്തിൽപ്പെട്ട ഹയർ സെക്കൻഡറി വിദ്യാർത്ഥികൾ, സംസ്ഥാനത്തിനകത്ത് CA/CMA/ICWA/CS കോഴ്സകളിൽ പഠിക്കുന്നവർ, സംസ്ഥാനത്തിന് പുറത്ത് ദേശീയ പ്രാധാന്യമുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ അഖിലേന്ത്യാടിസ്ഥാനത്തിൽ നടത്തുന്ന തിരഞ്ഞെടുപ്പ് രീതി പ്രകാരം

പ്രവേശനം ലഭിച്ച വിദ്യാർത്ഥികൾ എന്നിവർക്കാണ് സ്കോളർഷിപ്പ് ലഭിക്കുന്നതിന് അർഹതയുള്ളത്.

- കുടുംബ വാർഷിക വരുമാന പരിധി 2.5 ലക്ഷം രൂപ.

5. ഓവർസീസ് സ്കോളർഷിപ്പ്

- ഒ.ബി.സി. വിദ്യാർത്ഥികൾക്ക് വിദേശ സർവ്വകലാശാലകളിൽ ഉപരിപഠനം നടത്തുന്നതിന് സ്കോളർഷിപ്പ് അനുവദിക്കുന്ന പദ്ധതി.
- മെഡിക്കൽ/എഞ്ചിനീയറിംഗ്/ പ്യൂവർ സയൻസ്/അഗ്രികൾച്ചർ/മാനേജ്മെന്റ്/ നിയമം/സോഷ്യൽ സയൻസ് കോഴ്സുകൾ പഠിക്കുന്നവർക്കാണ് സ്കോളർഷിപ്പ് അനുവദിക്കുന്നത്.
- 10 ലക്ഷം രൂപയാണ് സ്കോളർഷിപ്പ് അനുവദിക്കുന്നത്.
- 6 ലക്ഷം രൂപയാണ് കുടുംബ വാർഷിക വരുമാന പരിധി.
- വിദ്യാർത്ഥികൾ വിദേശ പഠനം ആരംഭിച്ച് ബന്ധപ്പെട്ട ചെലവ് വിവരങ്ങൾ ഓഫീസിൽ ലഭ്യമാക്കുന്ന മുറയ്ക്കാണ് അർഹമായ

സ്കോളർഷിപ്പ് അനുവദിക്കുന്നത്. മുൻവർഷങ്ങളിൽ പഠനം ആരംഭിച്ചവർ ഇതിനകം സമർപ്പിച്ചിട്ടുള്ള രസീതികളും മറ്റ് ചെലവ് വിവരങ്ങളുടെയും അടിസ്ഥാനത്തിൽ അർഹമായ തുക അനുവദിച്ച് നൽകിയിട്ടുണ്ട്. തുടർന്നും ചെലവ് വിവരങ്ങൾ ഹാജരാക്കിയിട്ടുള്ളവർക്ക് ശേഷിക്കുന്ന തുക അനുവദിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

- നടപ്പ് വർഷത്തെ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. അപേക്ഷ സ്വീകരിച്ചുവരുന്നു.

6. <u>എംപ്ലോയബിലിറ്റി എൻഹാൻസ്മെന്റ് പ്രോഗ്രാം</u>

- പിന്നാക്ക വിഭാഗങ്ങളുടെ തൊഴിൽക്ഷമത വർധിപ്പിക്കുന്നതിനായി വിദ്യാർത്ഥികൾക്ക് മത്സര പരീക്ഷ, തൊഴിൽ പരിശീലനം എന്നിവയ്ക്ക് ധനസഹായം നൽകുന്ന പദ്ധതിയാണിത്. ഈ പദ്ധതിയിൽ മൂന്ന് ഘടകങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

a) മെഡിക്കൽ/എഞ്ചിനീയറിംഗ്, ബാങ്കിംഗ്, സിവിൽ സർവ്വീസ്, UGC/JRF/GATE/MAT,IELTS/TOEFL/OET/NCLEX പരീക്ഷാ പരിശീലന ധനസഹായം.

| പരിശീലന ഇനം | കുടുംബ വാർഷിക വരുമാനം | പരമാവധി ട്യൂഷൻ ഫീസ് | മെയിന്റനൻസ് അലവൻസ് | ആകെ അനുവദിക്കുന്ന പരമാവധി തുക |
|---|---|---|---|---|
| മെഡിക്കൽ/ എഞ്ചിനീയറിംഗ് എൻട്രൻസ് | 2 ലക്ഷം | 20,000/- | 10,000/- | 30,000/- |
| ബാങ്കിംഗ് | 2 ലക്ഷം | 10,000/- | 10,000/- | 20,000/- |
| സിവിൽ സർവ്വീസ് | 4.5 ലക്ഷം | 15,000/- | 10,000/- | 25,000/- |
| UGC/JRF, GATE/MAT | 2.5 ലക്ഷം | 15,000/- | 10,000/- | 25,000/- |
| IELTS/TOEFL/ OET/NCLEX | 2.5 ലക്ഷം | - | - | 14,000/- |

ബാങ്കിംഗ്, സിവിൽ സർവ്വീസ്, UGC/JRF, GATE/MAT, IELTS/TOEFL/OET/NCLEX പരീക്ഷാ പരിശീലന സ്ഥാപനങ്ങളെ എംപാനൽ ചെയ്തിട്ടുണ്ട്.

b) ഒ.ബി.സി. പ്രൊഫഷണൽസിനുള്ള സ്വയംതൊഴിൽ വായ്പ

- പിന്നാക്ക വിഭാഗ വികസന കോർപ്പറേഷന്റെ സഹകരണത്തോടെ നടപ്പിലാക്കുന്നതിനായി 2017-18-ൽ തുടക്കമിട്ട ഈ പദ്ധതി പ്രകാരം ഒ.ബി.സി. വിഭാഗത്തിൽപ്പെട്ട പ്രൊഫഷണലുകൾക്ക് സ്റ്റാർട്ടപ്പ് സംരംഭങ്ങൾ ആരംഭിക്കുന്നതിനായി പരമാവധി 10 ലക്ഷം രൂപവരെ വായ്പ അനുവദിക്കുന്നു.

- വായ്പാ തുകയുടെ 20 ശതമാനം (പരമാവധി 2 ലക്ഷം രൂപ) പിന്നാക്ക വിഭാഗ വികസന വകുപ്പ് സബ്സിഡിയായി നൽകുന്നു.

C) <u>ബി.പി.എൽ. വിഭാഗത്തിൽപ്പെട്ടവർക്കുള്ള സ്വയംതൊഴിൽ വായ്പ</u>

- പിന്നാക്ക വിഭാഗ വികസന വകുപ്പും കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷനും സംയുക്തമായി നടപ്പിലാക്കുന്ന ഈ പദ്ധതി പ്രകാരം ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള മറ്റ് പിന്നാക്ക വിഭാഗത്തിൽപ്പെട്ട കുടുംബങ്ങൾക്ക് സ്വയംതൊഴിൽ സംരംഭങ്ങൾ തുടങ്ങുന്നതിന് പരമാവധി ഒരു ലക്ഷം രൂപവരെ വായ്പ അനുവദിക്കുന്നു.

- സമയബന്ധിതമായി തവണ തുക തിരിച്ചടയ്ക്കുന്നവർക്ക് പിന്നാക്ക വിഭാഗ വികസന വകുപ്പ് വായ്പാ തുകയുടെ 50% (പരമാവധി 25,000/- രൂപ) സബ്സിഡിയായി നൽകുന്നു.

7. <u>പരമ്പരാഗത കരകൗശല പണിക്കാർക്കുള്ള നൈപുണ്യ വികസന പരിശീലനത്തിനും ടൂൾകിറ്റിനുമുള്ള ധനസഹായം</u>

- പിന്നാക്ക സമുദായങ്ങളിൽപ്പെട്ട പരമ്പരാഗത തൊഴിൽ മേഖലയിലെ തൊഴിലാളികൾക്ക് ടൂൾകിറ്റ് നൽകുന്നതിനുമുള്ള പദ്ധതിയാണിത്.

- പരമാവധി 20,000 /-രൂപയാണ് ആനുകൂല്യം അനുവദിക്കുന്നത്.

- കുടുംബ വാർഷിക വരുമാന പരിധി ഒരു ലക്ഷം രൂപ.

- നിലവിൽ പ്രസിദ്ധീകരിച്ചിട്ടുള്ള മുൻഗണനാ പട്ടിക പ്രകാരം വകുപ്പുമായി കരാറിലേർപ്പെടുന്ന ഗുണഭോക്താക്കൾക്ക് 10,000/- രൂപ വീതമുള്ള രണ്ട് ഗഡുക്കളായി ആനുകൂല്യം വിതരണം ചെയ്യുന്നു.

8. <u>പരമ്പരാഗത മൺപാത്ര നിർമ്മാണ തൊഴിലാളികൾക്കുള്ള ധനസഹായം.</u>

- പരമ്പരാഗത മൺപാത്ര നിർമ്മാണ തൊഴിലാളികൾക്ക് തൊഴിൽ നവീകരിക്കുന്നതിനും യന്ത്രസാമഗ്രികൾ വാങ്ങുന്നതിനുംവേണ്ടി 50,000/- രൂപ വീതം ധനസഹായം നൽകുന്ന പദ്ധതി.

- കുടുംബ വാർഷിക വരുമാന പരിധി ഒരു ലക്ഷം രൂപ.

9. <u>പരമ്പരാഗത ബാർബർ തൊഴിലാളികൾക്കുള്ള ധനസഹായം</u>

    - പരമ്പരാഗത ബാർബർ തൊഴിലാളികൾക്ക് ബാർബർഷോപ്പ് നവീകരിക്കുന്നതിന് പരമാവധി 25000/- രൂപവരെ വിവിധ ഗഡുക്കളായി ഗ്രാന്റ് അനുവദിക്കുന്ന പദ്ധതി.

    - കുടുംബ വാർഷിക വരുമാന പരിധി ഒരു ലക്ഷം രൂപ.

    - മുൻവർഷങ്ങളിൽ ലഭ്യമായിട്ടുള്ള അപേക്ഷകളുടെ അടിസ്ഥാനത്തിൽ ഫീൽഡ് പരിശോധന പുരോഗമിക്കുന്നു.

    - ഫീൽഡ് പരിശോധന പൂർത്തിയാക്കുന്ന മുറയ്ക്ക് ആനുകൂല്യം അനുവദിച്ചുവരുന്നു.

10. <u>ആട്ടോമൊബൈൽ മേഖലയിൽ തൊഴിൽ പരിശീലനം</u>

- പൊതു സ്വകാര്യ പങ്കാളിത്തത്തോടെ ആട്ടോമൊബൈൽ മേഖലയിൽ ഡിപ്ലോമ/ഐ.റ്റി.ഐ./ഐ.റ്റി.സി. കോഴ്സ് പൂർത്തിയാക്കിയവർക്ക് പരിശീലനം നൽകുകയും പ്രമുഖ സ്ഥാപനങ്ങളിൽ തൊഴിൽ ഉറപ്പാക്കുകയും ചെയ്യുന്ന പദ്ധതി.
- 2 ലക്ഷം രൂപയാണ് വരുമാന പരിധി.
- സ്റ്റൈപന്റ്, ട്യൂഷൻ ഫീ ഇനങ്ങളിൽ പ്രതിമാസം 8000/- രൂപ വീതം ആനുകൂല്യം അനുവദിക്കുന്നു.
- നടപ്പ് വർഷം പരിശീലന സ്ഥാപനങ്ങളിൽനിന്നും താല്പര്യപത്രം ക്ഷണിച്ച് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

11. <u>കുംഭാര നഗർ അടിസ്ഥാന സൗകര്യ വികസന പദ്ധതി</u>

- പരമ്പരാഗത കളിമൺപാത്ര തൊഴിലാളികൾ അധിവസിക്കുന്ന കുംഭാര നഗറിന്റെ സമഗ്ര വികസനത്തിനുവേണ്ടി ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പദ്ധതി.

- വർക്ക് ഷെഡ്, ചൂള, കമ്മ്യൂണിറ്റി ഹാൾ, റോഡ് തുടങ്ങിയവയുടെ നിർമ്മാണം, കുടിവെള്ള പദ്ധതി തുടങ്ങിയവ ഈ പദ്ധതിയിൽ ഉൾപ്പെടുന്നു.

- ഗ്രാമപഞ്ചായത്തിന്റെ സഹകരണത്തോടെയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്.

- 2022-23 വർഷം പുറപ്പെടുവിച്ച വിജ്ഞാപന പ്രകാരം 5 നഗറുകളെ തിരഞ്ഞെടുക്കുന്നതിന് സർക്കാരിലേയ്ക്ക് പ്രൊപ്പോസൽ സമർപ്പിച്ചതിൽ 2023-24-ൽ 2 നഗറുകളെ തിരഞ്ഞെടുത്തു. (അരുവാക്കോട് & പൊന്നാനി)

- അരുവാക്കോട് നഗറിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആംരഭഘട്ടത്തിലാണ്.

- മുഖ്യമന്ത്രിയുടെ 100 ദിന കർമ്മപരിപാടിയിൽ പ്രസ്തുത പ്രവർത്തനം ഉൾപ്പെടുത്തിയിട്ടുണ്ട്.

12. <u>അഡ്വക്കേറ്റ് ഗ്രാന്റ്</u>

- അഭിഭാഷക കൗൺസിലിൽ എൻറോൾ ചെയ്ത ഒ.ബി.സി. നിയമ ബിരുദധാരികൾക്ക് പ്രാക്ടീസ് ചെയ്യുന്നതിന് പ്രതിവർഷം 12000/- രൂപ വീതം 3 വർഷത്തേയ്ക്ക് ധനസഹായം അനുവദിക്കുന്ന പദ്ധതി.

- വരുമാന പരിധി ഒരു ലക്ഷം രൂപ

- നടപ്പ് വർഷത്തെ അപേക്ഷ ക്ഷണിച്ച് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

13. <u>വിശ്വകർമ്മജർക്കുള്ള പെൻഷൻ</u>

- പിന്നാക്ക വിഭാഗ വികസന വകുപ്പ് മുഖേന 60 വയസ് തികഞ്ഞ പരമ്പരാഗത വിശ്വകർമ്മ തൊഴിലിൽ ഏർപ്പെട്ടിരുന്നവർക്ക് പ്രതിമാസം പെൻഷൻ അനുവദിക്കുന്ന പദ്ധതി.

- നിലവിൽ 1400/- രൂപ പെൻഷൻ നൽകിവരുന്നു.

- തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽനിന്നുള്ള സാക്ഷ്യപത്രം, ലൈഫ് സർട്ടിഫിക്കറ്റ് എന്നിവ ലഭ്യമാക്കുന്ന മുറയ്ക്ക് സമയബന്ധിതമായിതന്നെ പെൻഷൻ അനുവദിച്ചുവരുന്നു.

14. പോസ്റ്റ്മെട്രിക് ഹോസ്റ്റൽ നിർമ്മാണം - കേന്ദ്രാവിഷ്കൃത പദ്ധതി (60% CSS)

- ആൺകുട്ടികൾക്കും പെൺകുട്ടികൾക്കുമായി ഒ.ബി.സി. പോസ്റ്റ് മെട്രിക് ഹോസ്റ്റലിന്റെ നിർമ്മിക്കുന്നതിനുള്ള കേന്ദ്രാവിഷ്കൃത പദ്ധതി.

- ഈ പദ്ധതിക്കായി 2010-11-ൽ അനുവദിച്ച ഫണ്ടിന് കേന്ദ്രസർക്കാരിന് വിനിയോഗ സാക്ഷ്യപത്രം നൽകാതിരുന്നതിനാൽ കഴിഞ്ഞ 11 വർഷമായി മുടങ്ങി കിടക്കുന്നു. മറ്റ് സാങ്കേതികവും ഭരണപരവുമായ കാരണങ്ങളാലാണ് ഇത് സംഭവിച്ചത്.

- കഴിഞ്ഞ വർഷം തീവ്രശ്രമം നടത്തുകയും ലഭ്യമായ കേന്ദ്ര ഫണ്ട് ഉപയോഗിച്ച് ഇടുക്കി എഞ്ചിനീയറിംഗ് കോളേജിൽ ഹോസ്റ്റൽ

നിർമ്മിക്കാൻ തീരുമാനിക്കുകയും ചെയ്തു. എസ്റ്റിമേറ്റ് തയ്യാറാക്കലും മണ്ണ് പരിശോധനയും കേരള സ്റ്റേറ്റ് ഹൗസിംഗ് ബോർഡിന് നൽകുന്നു.

- നടപ്പ് വർഷം ഈ പദ്ധതി പ്രകാരം 1.03 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

<u>2022-23 വർഷം മുതൽ പിന്നാക്ക വിഭാഗ വികസന വകുപ്പ് മുഖേന പുതുതായി നടപ്പാക്കുന്ന പദ്ധതികൾ</u>

15. <u>മാതാവോ പിതാവോ രണ്ട് പേരുമോ നഷ്ടപ്പെട്ട ഒ.ബി.സി. വിഭാഗം പെൺകുട്ടികൾക്ക് മെഡിക്കൽ/മെഡിക്കൽ അനുബന്ധ കോഴ്സുകൾ പഠിക്കുന്നതിന് സ്കോളർഷിപ്പ്</u>

- മെഡിക്കൽ/മെഡിക്കൽ അനുബന്ധ കോഴ്സുകളിൽ പഠിക്കുന്ന മാതാവിനെയോ പിതാവിനെയൊ അല്ലെങ്കിൽ ഇരുവരേയുമോ നഷ്ടപ്പെട്ട മറ്റ് പിന്നാക്ക വിഭാഗങ്ങളിലെ പെൺകുട്ടികൾക്ക് വിദ്യാഭ്യാസത്തിനുള്ള സാമ്പത്തിക സഹായം നൽകുന്നതിന് 2022-23 -ൽ ആരംഭിച്ച പദ്ധതി.

- കുടുംബ വാർഷിക വരുമാന പരിധി 2.50 ലക്ഷം രൂപ.
- പ്രതിവർഷം 50,000/- രൂപ സ്കോളർഷിപ്പ് അനുവദിക്കുന്നു.
- സർക്കാർ/സർക്കാർ എയ്ഡഡ് സ്ഥാപനങ്ങളിലെ വിദ്യാർത്ഥിനികളാണ് അപേക്ഷ സമർപ്പിക്കേണ്ടത്.
- നടപ്പ് വർഷത്തെ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

<u>2023-24 വർഷം മുതൽ പിന്നാക്ക വിഭാഗ വികസന വകുപ്പ് മുഖേന പുതുതായി നടപ്പാക്കുന്ന പദ്ധതികൾ</u>

16. <u>ഇലക്ട്രിക്/സി.എൻ.ജി. ഓട്ടോ ടാക്സികൾ വാങ്ങുന്നതിനുള്ള സഹായം</u>

- ന്യൂ ജനറേഷൻ ഇലക്ട്രിക്/സി.എൻ.ജി. വാഹനങ്ങൾ വാങ്ങാൻ നൽകുന്ന വാഹന വായ്പകൾക്ക് 20 ശതമാനമോ അല്ലെങ്കിൽ പരമാവധി 1 ലക്ഷം രൂപ വരെയോ ഒ.ബി.സി. വിഭാഗങ്ങൾക്ക് സബ്സിഡി നൽകുന്നു.
- കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ, കേരള സംസ്ഥാന പരിവർത്തിത ക്രൈസ്തവ ശിപാർശിത വിഭാഗ വികസന കോർപ്പറേഷൻ, കേരള സംസ്ഥാന കളിമൺപാത്ര നിർമ്മാണ

വിപണനക്ഷേമ വികസന കോർപ്പറേഷൻ തുടങ്ങിയ ധനകാര്യ സ്ഥാപനങ്ങൾ മുഖേന അപേക്ഷ ക്ഷണിച്ച് വായ്പ അനുവദിക്കുന്നു.

- കുടുംബ വാർഷിക വരുമാന പരിധി 2.5 ലക്ഷം രൂപ.
- ടി കോർപ്പറേഷനുകളുമായി സഹകരിച്ച് നടപ്പ് വർഷത്തെ ഗുണഭോക്തൃ നിർണ്ണയത്തിനുള്ള നടപടികൾ പുരോഗമിക്കുന്നു.
- നടപ്പ് വർഷം ടി ഇനത്തിൽ ആകെ 80 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

17. <u>കെടാവിളക്ക് സ്കോളർഷിപ്പ്</u>

- സംസ്ഥാനത്തെ സ്കൂളുകളിലെ 1 മുതൽ 10 വരെ ക്ലാസ്സുകളിലെ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് അനുവദിച്ചിരുന്ന പദ്ധതി പരിഷ്കരിച്ച കേന്ദ്ര മാനദണ്ഡപ്രകാരം 9, 10 ക്ലാസുകളിലെ വിദ്യാർത്ഥികൾക്ക് മാത്രമായി പരിമിതപ്പെടുത്തി.
- ടി പദ്ധതി പ്രകാരം ഒഴിവാക്കപ്പെട്ട 1 മുതൽ 8 വരെ ക്ലാസ്സുകളിലെ വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് സംസ്ഥാന സർക്കാർ ഏറ്റെടുത്ത് 2023-24 മുതൽ നടപ്പാക്കുന്നു.

- മാർക്കിന്റെ അടിസ്ഥാനത്തിൽ തിരഞ്ഞെടുക്കപ്പെടുന്ന വിദ്യാർത്ഥികൾക്ക് മുൻവർഷങ്ങളിലേതിന് സമാനമായി 1500/- രൂപ സ്കോളർഷിപ്പ് അനുവദിക്കുന്നു.

- കുടുംബ വാർഷിക വരുമാന പരിധി 2.50 ലക്ഷം രൂപ.

18. <u>പരമ്പരാഗത തൊഴിലധിഷ്ഠിത സമുദായങ്ങളുടെ ഉൽപ്പന്നങ്ങൾക്കായുള്ള വിപണന കേന്ദ്രങ്ങൾ</u>

- സംസ്ഥാനത്തെ വിവിധ പരമ്പരാഗത തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്ന സമുദായങ്ങൾ അഭിമുഖീകരിക്കുന്ന വിപണന പ്രശ്നങ്ങൾ പരിഹരിച്ച് അവരുടെ ഉൽപ്പന്നങ്ങൾക്ക് ന്യായമായ വില ഉറപ്പാക്കുന്നതിനുള്ള പദ്ധതി.

- ഉൽപ്പന്നങ്ങളുടെ പ്രദർശനത്തിനും വിപണനത്തിനുമായി ജില്ലാ ആസ്ഥാനങ്ങളിൽ സ്ഥിരം സംവിധാനമൊരുക്കാൻ ഘടകം വിഭാവനം ചെയ്യുന്നു.

- സംസ്ഥാനത്തെ തദ്ദേശ സ്ഥാപനങ്ങൾ പ്രത്യേകിച്ച് കോർപ്പറേഷനുകൾ, മുനിസിപ്പാലിറ്റികൾ എന്നിവയുടെ സഹകരണത്തോടെയാണ് ഇത് നടപ്പാക്കുന്നത്.

- ടി സ്ഥാപനങ്ങളുമായി സഹകരിച്ച് നടപ്പ് വർഷത്തെ ഗുണഭോക്തൃ നിർണ്ണയത്തിനുള്ള നടപടികൾ പുരോഗമിക്കുന്നു.

- നടപ്പ് വർഷം ടി ഇനത്തിൽ ആകെ 80 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

- ഗുണഭോക്തൃ നിർണ്ണയം പുരോഗമിക്കുന്നു.

<u>2024-25 വർഷം മുതൽ പിന്നാക്ക വിഭാഗ വികസന വകുപ്പ് മുഖേന പുതുതായി നടപ്പക്കുന്ന പദ്ധതികൾ</u>

19. <u>ഒ.ബി.സി. വിഭാഗത്തിൽപ്പെട്ട വിധവകൾക്കുള്ള സ്വയം തൊഴിൽ പദ്ധതി</u>

- സംസ്ഥാന പിന്നാക്ക വിഭാഗത്തിൽപ്പെട്ട വിധവകൾക്ക് സ്വയം തൊഴിൽ ആരംഭിക്കുന്നതിന് വായ്പാ സബ്സിഡി അനുവദിക്കുന്നു.

- കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ, കേരള സംസ്ഥാന ന്യൂനപക്ഷ വിഭാഗ വികസന ധനകാര്യ കോർപ്പറേഷൻ,

കേരള സംസ്ഥാന പരിവർത്തിത ക്രൈസ്തവ ശുപാർശിത വിഭാഗ വികസന കോർപ്പറേഷൻ, കേരള സംസ്ഥാന കളിമൺപാത്ര നിർമാണ വിപണന ക്ഷേമ വികസന കോർപ്പറേഷൻ തുടങ്ങിയ ധനകാര്യ സ്ഥാപനങ്ങൾ മുഖേന അപേക്ഷ സ്വീകരിക്കുകയും അർഹതയുള്ളവർക്ക് വായ്പാ സബ്സിഡി അനുവദിക്കുകയും ചെയ്യുന്നു.

- വായ്പകൾക്ക് 20 ശതമാനമോ അല്ലെങ്കിൽ പരമാവധി ഒരു ലക്ഷം രൂപ വരെയൊ സബ്സിഡി നൽകുന്നു.
- വരുമാന പരിധി 2.5 ലക്ഷം രൂപ.
- നടപ്പ് വർഷം ടി ഇനത്തിൽ ആകെ 2.75 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

20. <u>മൊബൈൽ സ്ട്രീറ്റ് വെന്റിംഗ് കാർട്ട്</u>

- സംസ്ഥാനത്തെ ഒ.ബി.സി. വിഭാഗത്തിൽ ഉൾപ്പെട്ട വഴിയോര കച്ചവടക്കാർക്ക് പുതിയ മോഡലിലുള്ള വെന്റിംഗ് കാർട്ടുകൾ നൽകുന്നതിനായി നടപ്പ് വർഷം മുതൽ നടപ്പാക്കുന്ന പദ്ധതി.

- ഇത്തരത്തിലുള്ള ഒരു കാർട്ടിന് 45,000/- രൂപ വില വരുന്നതാണ്.
- 45,000/- രൂപ നിരക്കിൽ പരമാവധി 100 പേർക്ക് നൽകുന്നതിന് ലക്ഷ്യമിടുന്നു.
- വരുമാന പരിധി 2.5 ലക്ഷം രൂപ.
- നടപ്പ് വർഷം ടി ഇനത്തിൽ ആകെ 45 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

21. <u>എഞ്ചിനീയറിംഗ് പ്രൊഷണലുകൾക്കുള്ള സ്റ്റാർട്ടപ്പ് സംരംഭങ്ങൾ</u>

- എഞ്ചിനീയറിംഗ് മേഖലയിൽ കഴിവ് തെളിയിക്കാൻ ആഗ്രഹിക്കുന്ന പ്രൊഫഷണൽസിന് joint venture രീതിയിൽ സ്റ്റാർട്ടപ്പ് സംരംഭങ്ങൾ ആരംഭിക്കുന്നതിന് ധനസഹായം അനുവദിക്കുന്ന പദ്ധതി.
- സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളിൽനിന്നും വിവിധ എഞ്ചിനീയറിംഗ് മേഖലകളിൽ ബിരുദ പഠനം പൂർത്തിയാക്കിയ 5 പേരടങ്ങുന്ന ഗ്രൂപ്പുകൾക്ക് സംരംഭങ്ങൾ തുടങ്ങുന്നതിനാണ് ധനസഹായം നൽകുന്നത്.

- 5 പേരടങ്ങുന്ന 25 ഗ്രൂപ്പുകൾക്ക് പരമാവധി 10 ലക്ഷം രൂപവരെ അനുവദിക്കുന്നു.

- ഓരോ ഗ്രൂപ്പിലും 80% പേർ ഒ.ബി.സി. വിഭാഗത്തിൽപ്പെട്ടവരായിരിക്കണം.

- നടപ്പ് സാമ്പത്തിക വർഷം ഈ പദ്ധതിക്കായി ആകെ 2.5 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

P-09-10-2024

VV-SR-I

10.50-11.00

**അനുബന്ധം-II**

<u>സംസ്ഥാനത്തെ ഉൾനാടൻ മത്സ്യത്തിന്റെ പ്രധാന സ്രോതസായ പുഴകളിലെയും കായലുകളിലെയും ആവാസവ്യവസ്ഥയിൽ ഉണ്ടായിട്ടുള്ള തകർച്ച, ഉൾനാടൻ മത്സ്യകൃഷി നേരിടുന്ന പ്രതിസന്ധികളിൽ, ഉൾനാടൻ കൃഷിക്ക് പ്രോത്സാഹനം, ഉൾനാടൻ മത്സ്യത്തൊഴിലാളികൾ നേരിടുന്ന പ്രതിസന്ധി എന്നിവ സംബന്ധിച്ച് ശ്രീ. പി. പി. ചിത്തരഞ്ജൻ എം.എൽ.എ. ഉന്നയിച്ച സബ്മിഷനുള്ള മറുപടിയുടെ ബാക്കി ഭാഗം</u>

ജലസംഭരണികളിലെ മത്സ്യോൽപാദനം വർധിപ്പിക്കുന്നതിനായി പി.എം.എം.എസ്.വൈ. പദ്ധതിയിൽ ഉൾപ്പെടുത്തി ADAK മുഖേന Participatory Integrated Fisheries Development of selected Reservoirs എന്ന പദ്ധതിയിലുൾപ്പെടുത്തി 6 ജില്ലകളിലായി 7 ജലസംഭരണികളിൽ കൂട് മത്സ്യകൃഷി നടത്തുന്നതിന് 26.8180 കോടി രൂപയുടെ ഭരണാനുമതി നൽകി പദ്ധതി നടപ്പാക്കിവരുന്നു.

ഉൾനാടൻ മത്സ്യസമ്പത്തിന്റെ സംരക്ഷണത്തിനും പരിപാലനത്തിനുമായി രൂപീകരിച്ച കേരള ഉൾനാടൻ മത്സ്യബന്ധനവും അക്വാകൾച്ചറും ആക്റ്റിലെ (Kerala Inland Fisheries and Aquaculture Act) വ്യവസ്ഥകളുടെ ലംഘനം തടയുന്നതിന് ഉൾനാടൻ പട്രോളിങ് ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. മുൻവർഷം 638 കായൽ പട്രോളിംഗ്

നടത്തുകയും നിയമലംഘനങ്ങൾക്ക് എതിരെ നിയമം അനുശാസിക്കുന്ന ശിക്ഷാ നടപടികളും സ്വീകരിച്ചിട്ടുണ്ട്.

ഉൾനാടൻ മത്സ്യകൃഷി നേരിടുന്ന ഏറ്റവും വലിയ പ്രതിസന്ധിയായ മത്സ്യരോഗങ്ങളുടെ വ്യാപനം തടയുന്നതിനും ജലജീവികളുടെ നശീകരണം നിയന്ത്രിക്കുന്നതിനും മത്സ്യ രോഗങ്ങളുടെ നിരീക്ഷണം രോഗനിർണ്ണയം. പ്രതിരോധ പ്രവർത്തനങ്ങൾ എന്നിവയ്ക്കായി പത്തനംതിട്ട ജില്ലയിലെ പന്നിവേലിച്ചിറ, കോട്ടയം ജില്ലയിലെ പള്ളം, തൃശ്ശൂർ ജില്ലയിലെ അഴീക്കോട്, പാലക്കാട് ജില്ലയിലെ മലമ്പുഴ, മലപ്പുറം ജില്ലയിലെ ഉണ്ണ്യാൽ, കോഴിക്കോട് ജില്ലയിലെ വെസ്റ്റ്ഹിൽ, വയനാട് ജില്ലയിലെ തളിപ്പുഴ എന്നിവിടങ്ങളിലായി 7 അക്വാട്ടിക് ആനിമൽ ഹെൽത്ത് സർവയിലൻസ് ലാബുകൾ പ്രവർത്തന സജ്ജമാക്കിയിട്ടുണ്ട്. ടി ലാബുകളിൽ മത്സ്യ/ചെമ്മീനുകളുടെ വൈറസ് രോഗ നിർണയത്തിനായുള്ള പി.സി.ആർ. ടെസ്റ്റുകളും ബാക്ടീരിയ രോഗ നിർണയത്തിനായുള്ള മൈക്രോ ബയോളജി ടെസ്റ്റുകളും മത്സ്യകൃഷി ചെയ്യുന്ന ജലം/മണ്ണിന്റെ രാസഭൗതിക ഗുണങ്ങൾ തുടങ്ങിയ പരിശോധനകളും

നടത്തുന്നതിനുള്ള സജ്ജീകരണങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്. മുൻവർഷം 320 മത്സ്യ/ജല സാമ്പിളുകൾ പരിശോധനക്ക് വിധേയമാക്കിയിട്ടുണ്ട്.

ഇതിന് പുറമെ എറണാകുളം ജില്ലയിലെ തേവരയിലും തിരുവനന്തപുരം ജില്ലയിലെ ഓടയത്തുമായി രണ്ട് റീജണൽ ലാബുകളും പനങ്ങാട് കേരള ഫിഷറീസ് സമുദ്ര പഠന സർവ്വകലാശാലയിൽ (കുഫോസ്) ഒരു റഫറൽ ലാബും പ്രവർത്തിച്ചുവരുന്നു. നാഷണൽ സർവൈലൻസ് പ്രോഗ്രാം ഓൺ അക്വാട്ടിക് ആനിമൽ ഹെൽത്ത് ഡിസീസ് (NSPAAD) എന്ന പദ്ധതിയുടെ ഭാഗമായി കുഫോസ് റഫറൽ ലാബിൽ കർഷകർ റിപ്പോർട്ട് ചെയ്യുന്ന മത്സ്യരോഗങ്ങൾ പരിശോധിച്ച് പ്രതിവിധികൾ നിർദേശിക്കുന്നു. ഇതിനായി കഫോസിലെയും ഫിഷറീസ് വകുപ്പിലെയും ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി പ്രത്യേക സമിതി രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു.

ഇത്തരത്തിൽ സംസ്ഥാനത്തെ ഉൾനാടൻ മത്സ്യത്തിന്റെ പ്രധാന സ്രോതസ്സുകളായ പുഴകളിലെയും കായലുകളിലെയും ആവാസവ്യവസ്ഥ പുനരുജ്ജീവിപ്പിച്ചും ഉൾനാടൻ മത്സ്യകൃഷിക്ക് പ്രോത്സാഹനം നൽകിയും ഉൾനാടൻ മത്സ്യത്തൊഴിലാളികൾ നേരിടുന്ന പ്രതിസന്ധികൾക്ക് പരിഹാരം

കണ്ടെത്തിയും ഉൾനാടൻ മത്സ്യമേഖലക്കും ഉൾനാടൻ മത്സ്യത്തൊഴിലാളി സമൂഹത്തിനും ഗുണകരമായ പദ്ധതികളാണ് സർക്കാർ ആവിഷ്കരിച്ച് നടപ്പാക്കിവരുന്നത്.

P-09-10-2024-11.20-11.30

RL-VS- (1)

**അനുബന്ധം-III**

<u>ശ്രീ. യു. എ. ലത്തീഫ്, എം.എൽ.എ. അവതരിപ്പിച്ച സബ്മിഷന്റെ മറുപടിയുടെ അനുബന്ധം</u>

കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2019-ന്റെ ചട്ടം 74 പ്രകാരം, മൂന്ന് നിലകൾ വരെയുള്ളതും 10 മീറ്റർ വരെ ഉയരമുള്ളതുമായ ഏക കുടുംബ വാസഗൃഹങ്ങൾക്ക് മുകളിൽ ടെറസ് ഫ്ലോറിൽനിന്ന് പരമാവധി 1.8 മീറ്റർ വരെ ഉയരത്തിൽ ഷീറ്റ്/ചരിഞ്ഞ ടൈൽഡ് റൂഫ് നിർമ്മിക്കുന്നതിനുള്ള അനുമതി നൽകുന്നതിന് ചുവടെപ്പറയുന്ന വ്യവസ്ഥകൾ ഉൾപ്പെടുത്തി ചട്ടത്തിൽ വ്യക്തത നൽകിയിട്ടുണ്ട്.

(എ) ടെറസിന് മുകളിൽ അത്തരം അധിക നിർമ്മാണം നടത്തുന്നത് അത്തരം ടെറസുകൾക്ക് മഴയിൽനിന്നും അധിക സംരക്ഷണത്തിനും

വേണ്ടിയാകണം, അല്ലാതെ വാസയോഗ്യമായ ഉപയോഗത്തിന് വേണ്ടിയാകരുത്;

(ബി) അത്തരം അധിക മേൽക്കൂരയുള്ള ടെറസ് ഏരിയ എല്ലാവശത്തും തുറന്നിരിക്കുകയും മതിൽ/ഗ്രിൽ/ജനൽ/ഷട്ടർ/ഏതെങ്കിലും തരത്തിലുള്ള വിഭജനം അല്ലെങ്കിൽ അതുപോലുള്ളവ ഉപയോഗിച്ച് പൂർണ്ണമായോ, ഭാഗികമായോ താഴെ പറയുന്നവ ഒഴികെ അടയ്ക്കാൻ പാടില്ലാത്തതാണ്:-

i. 1.20 മീറ്റർ വരെ ഉയരമുള്ള പാരപ്പെറ്റ് മതിൽ

ii. അത്തരം അധിക മേൽക്കൂരയെ പിന്താങ്ങുന്ന കോളങ്ങൾ

iii. ടെറസിലേയ്ക്ക് നയിക്കുന്ന സ്റ്റെയർ മുറി ഉൾപ്പെടെയുള്ള അത്തരം കെട്ടിടത്തിന്റെ ഭാഗം, ഏതെങ്കിലും,

iv. ടെറസ് ഏരിയയ്ക്ക് പൂരകമായ വാട്ടർടാങ്ക്, മഴവെള്ള സംഭരണ ക്രമീകരണങ്ങൾ എന്നിവ പോലുള്ള മറ്റ് ഘടനകൾ;

(സി) നിർബന്ധിത മുറ്റങ്ങളിലേക്കുള്ള അത്തരം അധിക മേൽക്കൂരയുടെ ഏതൊരു തള്ളലും കെട്ടിടനിർമ്മാണ ചട്ടങ്ങളിൽ അടങ്ങിയിരിക്കുന്ന വ്യവസ്ഥകൾക്ക് അനുസൃതമായിരിക്കണം.

(ഡി) അത്തരം അധിക മേൽക്കൂര ഘടന ഉൾപ്പെടെയുള്ള കെട്ടിടം, ആക്റ്റിലെ വ്യവസ്ഥകളും ബാധകമായ മറ്റേതെങ്കിലും നിയമങ്ങളും പാലിക്കേണ്ടതാണ്.

പെർമിറ്റ് ഫീസ് കണക്കാക്കുന്നതിനൊഴികെ, കെട്ടിടനിർമ്മാണ ചട്ടങ്ങളനുസരിച്ച് ബിൽറ്റ്-അപ് ഏരിയ കണക്കാക്കാൻ മേൽപ്പറഞ്ഞതുപോലെ അധിക മേൽക്കൂരയുള്ള ടെറസ് ഏരിയ കണക്കാക്കാൻ പാടില്ലാത്തതാണ്. ചട്ടം 74-ന്റെ പൂർണരൂപം അനുബന്ധമായി ചേർത്തിരിക്കുന്നു.

09/02/2024-ലെ സ.ഉ.(പി) നം.21/2024/തസ്വഭവ (അനുബന്ധമായി ചേർത്തിരിക്കുന്നു) പ്രകാരം പഞ്ചായത്തുകൾക്കും, 09/02/2024-ലെ സ.ഉ. (പി) നം. 20/2024/തസ്വഭവ (അനുബന്ധമായി ചേർത്തിരിക്കുന്നെ) പ്രകാരം നഗരസഭകൾക്കും, അനധികൃത നിർമ്മാണങ്ങൾ ക്രമവൽക്കരിക്കുന്നതിന് അനുമതി നൽകികൊണ്ടുള്ള സർക്കാർ ഉത്തരവുകൾ നിലവിലുണ്ട്.

എന്നിരുന്നാലും സബ്മിഷനിൽ ഉന്നയിച്ചിരിക്കുന്ന നിർമ്മിതികൾ സംബന്ധിച്ച് പരിശോധിച്ച് റിപ്പോർട്ട് ലഭ്യമാക്കുന്നതിന് എല്ലാ ജില്ല ജോയിന്റ് ഡയറക്ടർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

അനുബന്ധം

ചട്ടം 74

ചില ഏക കുടുംബ റസിഡൻഷ്യൽ കെട്ടിടങ്ങളുടെ ടെറസിന് മുകളിൽ അധിക ഷീറ്റ്/ടൈൽഡ് മേൽക്കൂര നിർമ്മാണ്.-(1)മൂന്നു നില വരെ ഉയരമുള്ളതും, പത്തുമീറ്ററിൽ കൂടാത്ത ഉയരമുള്ളതുമായ ഏക കുടുംബ റസിഡൻഷ്യൽ കെട്ടിടങ്ങളുടെ കാര്യത്തിൽ, അത്തരം കെട്ടിടത്തിന്റെ ടെറസ് ഫ്ലോറിൽ നിന്ന് പരമാവധി 1.8 മീ. വരെ ഉയരത്തിൽ അധിക ഷീറ്റ്/ ചരിഞ്ഞ ടൈൽഡ് മേൽക്കൂര നിർമ്മിക്കുവാൻ സെക്രട്ടറിക്ക്, ടിയാൻ ഇപ്രകാരം തൃപ്തികരമെങ്കിൽ, അനുമതി നൽകാവുന്നതാണ്.

(എ) ടെറസിന് മുകളിൽ അത്തരം അധിക നിർമ്മാണം നടത്തുന്നത് അത്തരം ടെറസുകൾക്ക് മഴയിൽ നിന്നും അധിക സംരക്ഷണത്തിനും വേണ്ടിയാകണം, അല്ലാതെ വാസയോഗ്യമായ ഉപയോഗത്തിന് വേണ്ടിയാകരുത്;

(ബി) അത്തരം അധിക മേൽക്കൂരയുള്ള ടെറസ് ഏരിയ എല്ലാ വശത്തും തുറന്നിരിക്കുകയും മതിൽ/ഗ്രിൽ/ജനൽ/ഷട്ടർ/ഏതെങ്കിലും തരത്തിലുള്ള

വിഭജനം അല്ലെങ്കിൽ അതുപോലുള്ളവ ഉപയോഗിച്ച് പൂർണ്ണമായോ, ഭാഗികമായോ താഴെ പറയുന്നവ ഒഴികെ അടയ്ക്കാൻ പാടില്ലാത്തതാണ്:-

(i) 1.20 മീറ്റർ വരെ ഉയരമുള്ള പാരപ്പെറ്റ് മതിൽ

(ii) അത്തരം അധിക മേൽക്കൂരയെ പിന്താങ്ങുന്ന കോളങ്ങൾ

(iii) ടെറസിലേയ്ക്ക് നയിക്കുന്ന സ്റ്റെയർ മുറി ഉൾപ്പെടെയുള്ള അത്തരം കെട്ടിടത്തിന്റെ ഭാഗം, ഏതെങ്കിലും,

(iv) ടെറസ് ഏരിയയ്ക്ക് പൂരകമായ വാട്ടർടാങ്ക്, മഴവെള്ള സംഭരണ ക്രമീകരണങ്ങൾ എന്നിവ പോലുള്ള മറ്റ് ഘടനകൾ;

(സി) നിർബന്ധിത മുറ്റങ്ങളിലേക്കുള്ള അത്തരം അധിക മേൽക്കൂരയുടെ ഏതൊരു തള്ളലും കെട്ടിടനിർമ്മാണ ചട്ടങ്ങളിൽ അടങ്ങിയിരിക്കുന്ന വ്യവസ്ഥകൾക്ക് അനുസൃതമായിരിക്കണം

(ഡി) അത്തരം അധിക മേൽക്കൂര ഘടന ഉൾപ്പെടെയുള്ള കെട്ടിടം, ആക്റ്റിലെ വ്യവസ്ഥകളും ബാധകമായ മറ്റേതെങ്കിലും നിയമങ്ങളും പാലിക്കേണ്ടതാണ്.

(2) പെർമിറ്റ് ഫീസ് കണക്കാക്കുന്നതിന് ഒഴികെ ഈ ചട്ടങ്ങൾ അനുസരിച്ച് ബിൽറ്റ്-അപ് ഏരിയ കണക്കാക്കാൻ ഉപചട്ടം (1)ലെ അധിക മേൽക്കൂരയുള്ള അത്തരം ടെറസ് ഏരിയ കണക്കാക്കാൻ പാടില്ലാത്തതാണ്.

(3) അപേക്ഷ ഫീസും, പെർമിറ്റ് ഫീസും യഥാക്രമം ഒരു പക്കാ കെട്ടിടത്തിന്റെ ഷെഡ്യൂൾ I-ലും ഷെഡ്യൂൾ II-ലും നിഷ്കർഷിക്കുന്ന പ്രകാരം ആയിരിക്കേണ്ടതാണ്.

(4) അത്തരം അധിക മേൽക്കൂരയുടെ ഉയരം ഉൾപ്പെടെയുള്ള കെട്ടിടത്തിന്റെ ഉയരം ഒരു സാഹചര്യത്തിലും ഉയരം കൂടിയ കെട്ടിടത്തിന് യോഗ്യമാക്കാൻ പാടില്ലാത്തതാണ്.

(5) നിർബന്ധിത ക്ലിയറൻസുകൾ, അംഗീകാര സർട്ടിഫിക്കറ്റുകൾ, എൻ.ഒ.സി, സമ്മതം തുടങ്ങിയവ ഈ ചട്ടങ്ങൾ പ്രകാരമോ അല്ലെങ്കിൽ ആക്റ്റിലും മറ്റേതെങ്കിലും നിയമത്തിന് കീഴിലോ നിർമ്മിച്ച ബൈലോകൾ പ്രകാരമോ ബാധകമായ ഇടങ്ങളിലെല്ലാം ലഭ്യമാക്കേണ്ടതാണ്.

(6) മൂന്ന് നിലവരെയുള്ളതും 10 മീറ്ററിൽ കവിയാത്ത ഉയരമുള്ളതുമായ ഏക കുടുംബ റസിഡൻഷ്യൽ കെട്ടിടങ്ങൾ ഒഴികെയുള്ള മറ്റെല്ലാ വിനിയോഗ

ഗണത്തിൽപ്പെട്ട കെട്ടിടങ്ങളുടെ ടെറസിനു മുകളിലുമുള്ള ഷീറ്റ്/ടൈൽഡ് മേൽക്കൂരയുടെ അധിക നിർമ്മാണം, മറ്റൊരു നില എന്ന രീതിയിൽ കണക്കാക്കേണ്ടതും ഈ ചട്ടങ്ങൾ അനുസരിച്ച് എല്ലാ നിർബന്ധിത ആവശ്യകതകൾ കണക്കാക്കുമ്പോൾ പരിഗണിക്കേണ്ടതുമാണ്.

P-09-10-2024 -11.20-11.30

RL-VS- (1)

**അനുബന്ധം-IV**

കണ്ണൂർ മെഡിക്കൽ കോളേജിന്റെ പ്രവർത്തനം സംബന്ധിച്ച് ശ്രീ. എം. വിജിൻ, എം.എൽ.എ.-യുടെ സബ്മിഷന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി നൽകിയ മറുപടി

2019-ലെ കേരള സഹകരണ ആശുപത്രി കോംപ്ലക്സും മെഡിക്കൽ സയൻസസ് അക്കാദമിയും അനുബന്ധ സ്ഥാപനങ്ങളും (ഏറ്റെടുക്കലും നടത്തിപ്പും) (2019-ലെ 13-ാം) ആക്ട് പ്രകാരം സഹകരണ മേഖലയിൽ സൊസൈറ്റികൾക്കുകീഴിൽ പ്രവർത്തിച്ചുവന്നിരുന്ന പരിയാരം മെഡിക്കൽ കോളേജും അനുബന്ധ സ്ഥാപനങ്ങളും 02-03-2019-ൽ പ്രാബല്യത്തിൽ

പൂർണ്ണമായും സർക്കാർ ഏറ്റെടുത്ത് സർക്കാർ മേഖലയിൽ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ നിയന്ത്രണത്തിൽ കൊണ്ടുവരികയുണ്ടായി. തുടർന്ന്, പ്രിൻസിപ്പാൾ തസ്തികയുൾപ്പെടെ 11 അഡ്മിനിസ്ട്രേറ്റീവ് തസ്തികകൾ സൃഷ്ടിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. സർക്കാർ സർവീസിലേയ്ക്ക് ഏറ്റെടുക്കപ്പെടുന്ന ജീവനക്കാരിൽ മെഡിക്കൽ അധ്യാപക വിഭാഗങ്ങളിലുൾപ്പെട്ട 147 സ്ഥിരജീവനക്കാരെയും സ്റ്റാഫ് നഴ്സ് വിഭാഗത്തിൽ വിവിധ തസ്തികകളിലുൾപ്പെട്ട 521 ജീവനക്കാരെയും മെഡിക്കൽ കൗൺസിൽ ഓഫ് ഇൻഡ്യയുടെ മാനദണ്ഡങ്ങൾ പാലിക്കുന്നതിനായി 100 അധിക തസ്തികകളും സൃഷ്ടിച്ചിരുന്നു. ഡോക്ടർമാർ, നഴ്സുമാർ എന്നിവരുടെ അക്കോമഡേഷൻ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. നിയമനങ്ങൾ ക്രമീകരിക്കുന്നതിന്റെ ഭാഗമായി സ്റ്റാൻഡ് എലോൺ വ്യവസ്ഥയിൽ നിയമിക്കപ്പെട്ട ഡി.എം.ഇ. ലഭ്യമാക്കിയ 48 നഴ്സിംഗ് ഓഫീസർമാരുടെയും എൻട്രി കേഡറിൽ ജൂനിയർ ടു ജൂനിയർ മോസ്റ്റ് ഓപ്ഷൻ തിരഞ്ഞെടുത്ത ആദ്യഘട്ടത്തിലെ 272 നഴ്സിംഗ് ഓഫീസർമാരുടെയും റെഗുലറൈസേഷൻ നടത്തുന്നതിനായി പി.എസ്.സി.-യുടെ ഉപദേശം തേടിയിട്ടുണ്ട്. ഇതുകൂടാതെ,

നഴ്സിംഗ് അധ്യാപകർ, ഡെന്റൽ അധ്യാപക/അനധ്യാപക ജീവനക്കാർ, ഫാർമസി അധ്യാപകർ, പാരാമെഡിക്കൽ ജീവനക്കാർ, നഴ്സിംഗ് അസിസ്റ്റന്റ്/ട്രോളി വർക്കേഴ്സ്/ടൈലർ, മിനിസ്റ്റീരിയൽ/ഇതര വിഭാഗം ജീവനക്കാർ എന്നിവരുടെ അക്കോമഡേഷനായി സൃഷ്ടിച്ച 772 തസ്തികകളിലേയ്ക്കുള്ള ജീവനക്കാരുടെ അക്കോമഡേഷൻ നടപടികൾ നടന്നുവരുന്നുണ്ട്. ഇപ്രകാരം മെഡിക്കൽ കോളേജ് ഏറ്റെടുത്തതിനെത്തുടർന്ന് ആദ്യഘട്ടത്തിൽ 1551 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.

മന്ത്രിയായി ചുമതല ഏറ്റെടുത്തശേഷം കണ്ണൂർ മെഡിക്കൽ കോളേജ് സന്ദർശിച്ചവേളയിൽ മെഡിക്കൽ കോളേജിൽ അനിവാര്യമായ പ്ലാസ്റ്റിക് സർജറി വിഭാഗത്തിന്റെ പോരായ്മ മനസ്സിലാക്കുകയും സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗങ്ങൾ ശക്തിപ്പെടുത്തേണ്ടതിന്റെ ആവശ്യകത മനസ്സിലാക്കിയതിന്റെ ഭാഗമായി പ്ലാസ്റ്റിക് സർജറി വിഭാഗം ഉടൻതന്നെ ആരംഭിക്കുകയും നെഫ്രോളജി, ന്യൂറോളജി, ന്യൂറോ സർജറി, മെഡിക്കൽ ഗ്യാസ്ട്രോ എൻട്രോളജി, സർജിക്കൽ ഗ്യാസ്ട്രോ എൻട്രോളജി, നിയോനറ്റോളജി, പീഡിയാട്രിക് സർജറി, യൂറോളജി, പ്ലാസ്റ്റിക് സർജറി എന്നീ വിഭാഗങ്ങൾ

ഉൾപ്പെടെയുള്ളവയ്ക്കായി 31 അധ്യാപക തസ്തികകൾ 21-12-2023-ൽ സൃഷ്ടിക്കുകയും നിയമന നടപടികൾ സ്വീകരിച്ചുവരികയുമാണ്.

കണ്ണൂർ സർക്കാർ മെഡിക്കൽ കോളേജിലെ പ്രിൻസിപ്പാൾ തസ്തികയിൽ നിയമനം നടത്തിയെങ്കിലും ടിയാൻ ചുമതലയേൽക്കാതെ ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പ്രൊമോഷൻ പരിത്യജിക്കുന്നതിനുള്ള അപേക്ഷ സമർപ്പിക്കുകയും ആയത് അംഗീകരിക്കുകയുമുണ്ടായി. ടി മെഡിക്കൽ കോളേജിലെ പ്രിൻസിപ്പാൾ തസ്തികയിൽ നിയമനം നടത്തുന്നതിനുള്ള സെലക്ട് ലിസ്റ്റ് തയ്യാറാക്കുന്നതിനായി വകുപ്പുതല പ്രൊമോഷൻ കമ്മിറ്റി 08-10-2024-ൽ യോഗം ചേരുകയുണ്ടായി. DPC തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സെലക്ട് ലിസ്റ്റ് പ്രസിദ്ധീകരിച്ച് ടി മെഡിക്കൽ കോളേജിലെ പ്രിൻസിപ്പാൾ തസ്തികയിൽ നിയമനം നടത്തുന്നതിനുള്ള അടിയന്തരനടപടി സ്വീകരിച്ചുവരുന്നു.

കോടതി വ്യവഹാരത്തെത്തുടർന്ന് ആരോഗ്യ വിദ്യാഭ്യാസ വകുപ്പിലെ അസോസിയേറ്റ് പ്രൊഫസർ തസ്തികയിലേയ്ക്കുള്ള റെഗുലർ സ്ഥാനക്കയറ്റം

നടപ്പിലാക്കാൻ കഴിയാത്ത സാഹചര്യമുണ്ടായിരുന്നതിനാൽ പ്രൊഫസർ തസ്തികയിലേയ്ക്കുള്ള സ്ഥാനക്കയറ്റത്തിനും കാലവിളംബമുണ്ടായി. ഇക്കാര്യത്തിൽ ആവശ്യമായ നിയമോപദേശം ലഭ്യമാക്കി താൽക്കാലിക സ്ഥാനക്കയറ്റം ലഭിച്ച അസോസിയേറ്റ് പ്രൊഫസർമാരെ പ്രൊഫസർമാരായി നിയമിക്കുന്നതിനുള്ള അനുമതി നൽകിക്കൊണ്ട് ഒഴിവുള്ള പ്രൊഫസർ തസ്തികകൾ നികത്തിവരുന്നു. ഇത്തരത്തിൽ കണ്ണൂർ ഗവൺമെന്റ് മെഡിക്കൽ കോളേജിലെ പ്രൊഫസർ തസ്തികയിലെ ഒഴിവുകളും നികത്തുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ട്. എൻട്രി കേഡറായ അസിസ്റ്റന്റ് പ്രൊഫസർ തസ്തികകളിലെ ഒഴിവുകൾ പൂർണ്ണമായും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. സീനിയർ റെസിഡൻസി സംബന്ധിച്ച വിഷയവുമായി ബന്ധപ്പെട്ട് ചില വിഭാഗങ്ങളിലെ പി.എസ്.സി. പട്ടികയിന്മേൽ കോടതി വ്യവഹാരം നടന്നുവരുന്നുണ്ട്. ഒഴിവുള്ള അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിലേയ്ക്ക് പി.എസ്.സി. അഡ്വൈസ് ലഭ്യമാക്കുന്നമുറയ്ക്ക് നിയമനം നൽകിവരുന്നുണ്ട്. കൂടാതെ, ആശുപത്രിയുടെ സുഗമമായ പ്രവർത്തനം കണക്കാക്കി എൻട്രി കേഡർ നിയമനങ്ങൾ പി.എസ്.സി. വഴി നിയമനം നടത്തുന്നതുവരെയുള്ള

കാലയളവിലേയ്ക്ക് കരാറടിസ്ഥാനത്തിൽ നിയമനം നൽകുന്നതിന് പ്രിൻസിപ്പാളിന് അനുമതി നൽകിയിട്ടുണ്ട്. ഇത്തരത്തിൽ കണ്ണൂർ ഗവൺമെന്റ് മെഡിക്കൽ കോളേജിലെ അധ്യാപക തസ്തികകൾ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

നിലവിൽ കണ്ണൂർ മെഡിക്കൽ കോളേജിൽ 36 പി.ജി. സീറ്റുകൾ ഉണ്ട്. രോഗീപരിചരണം മെച്ചപ്പെടുത്തുന്നതിനായി 8 വിഭാഗങ്ങളിൽ പി.ജി. സീറ്റ് വർധിപ്പിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. പി.ജി. കോഴ്സ് ആരംഭിക്കുന്നതിനായി 15 പി.ജി. സീറ്റുകൾക്ക് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. നടപടിക്രമങ്ങൾ പൂർത്തിയാക്കി ഉടൻതന്നെ പി.ജി. സീറ്റുകളിൽ അഡ്മിഷൻ നടത്താൻ സാധിക്കുന്നതാണ്.

ആശുപത്രിയുടെ വിവിധ മെയിന്റനൻസ് പ്രവൃത്തികൾക്കായി 29.79 കോടി രൂപയുടെ ഭരണാനുമതി നൽകുകയും ഈ അറ്റകുറ്റപ്പണികളുടെ 85 ശതമാനവും പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. ബാക്കി പ്രവൃത്തികൾ ദ്രുതഗതിയിൽ പൂർത്തീകരിച്ചുവരികയാണ്. കണ്ണൂർ സർക്കാർ മെഡിക്കൽ കോളേജിന്റെ സ്വീവേജ് ട്രീറ്റ്മെന്റ് നവീകരണത്തിനായി 2023-24

സാമ്പത്തികവർഷം 74.93 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും പ്രവൃത്തി ദ്രുതഗതിയിൽ നടന്നുവരികയുമാണ്. ഇത് ഉടൻ പൂർത്തീകരിക്കുന്നതാണ്. കൂടാതെ, സ്വച്ഛ ഭാരത് മിഷൻ ഗ്രാമീൺ ഫണ്ട് ഉപയോഗിച്ച് 3 MLD കപ്പാസിറ്റിയുള്ള സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റും കോ ട്രീറ്റ്മെന്റ് പ്ലാന്റും എഫ്.എസ്.ടി.പി. സംവിധാനത്തോടുകൂടി സ്ഥാപിക്കുന്നതിനുംവേണ്ട ഭൂമിയുടെ ഉപയോഗാനുമതി നൽകി 26-07-2024-ലെ സ. ഉ. (കൈ) 176/2024/ആ.കു.വ നമ്പർ ഉത്തരവും സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്.

ഫാർമസി കോളേജിലെ ആൺകുട്ടികളുടെ ഹോസ്റ്റലുകളുടെ ശോചനീയവസ്ഥ പരിഹരിക്കുന്നതിനായുള്ള നവീകരണ പ്രവർത്തനവും ലേഡീസ് ഹോസ്റ്റലിന്റെ പെയിന്റിംഗ് പ്രവൃത്തിയും പൂർത്തീകരിച്ചിട്ടുണ്ട്. എം.ബി.ബി.എസ്. ആൺകുട്ടികളുടെ ഹോസ്റ്റലിൽ നവീകരണ പ്രവർത്തനം, ഫാർമസി കോളേജിലെ അഡീഷണൽ ക്ലാസ് റൂം എന്നിവ നിർമ്മിച്ചിട്ടുണ്ട്.

Night Autopsy നടത്തുന്നതിനായി 2022-23 സാമ്പത്തികവർഷത്തിൽ ഫോറൻസിക് വിഭാഗം നവീകരിക്കുന്നതിനുവേണ്ടി 98.11 ലക്ഷം രൂപയുടെ പ്രവൃത്തി പൂർത്തീകരിച്ചു.

ആശുപത്രിയിലേയ്ക്ക് ആവശ്യമായ ചെറുതും വലുതുമായ ഉപകരണങ്ങൾ വിവിധ ഫണ്ടുപയോഗിച്ച് വാങ്ങിയിട്ടുണ്ട്. (കാത്ത് ലാബ്, ഡിജിറ്റൽ റേഡിയോഗ്രാഫി, ഐ.എ.ബി.പി മെഷീൻ, വെന്റിലേറ്റർ മുതലായവ), പുതിയ കാത്ത് ലാബ് സ്ഥാപിക്കുന്നതിനുവേണ്ടി 5 കോടി രൂപ ഈ വർഷത്തെ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

ആശുപത്രിയിൽ വരുന്ന രോഗികളുടെ കൂട്ടിരിപ്പുകാർക്ക് താമസിക്കുന്നതിനായി ഹൗസിംഗ് ബോർഡ് ആശ്വാസ ഭവന നിർമ്മാണ പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്. കണ്ണൂർ സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രിയിലെ കാരുണ്യ ഫാർമസിയിൽ സജ്ജീകരിച്ച പ്രത്യേക കൗണ്ടർ വഴി ക്യാൻസർ മരുന്നുകൾ രോഗികൾക്ക് ലഭ്യമാക്കിവരുന്നു. കാരുണ്യ സ്പർശം സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

കണ്ണൂർ മെഡിക്കൽ കോളേജിന്റെ സമഗ്ര വികസനത്തിനായി കിഫ്ബി ധനസഹായത്തോടെ സർക്കാർ GO(Rt)No.181/2020/H&FWD dated 24-01-2020 പ്രകാരം 124.95 കോടി രൂപയുടെ ഭരണാനുമതി സർക്കാർ നൽകിയിട്ടുണ്ട്. ഇതുപ്രകാരം വിഭാവനം ചെയ്തിരുന്ന പ്രവൃത്തികളിൽ മെയിന്റനൻസ് വർക്ക് ഫേസ്-1, ട്രോമ കെയർ നിർമ്മാണം ഫേസ്-1 എന്നീ പ്രവൃത്തികൾ ഉൾപ്പെടുന്നു. പ്രസ്തുത പ്രവർത്തികളുടെ നിർവഹണ ഏജൻസിയായി സർക്കാർ വാപ്കോസ് ലിമിറ്റഡിനെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. ഇതിന്റെ ഭാഗമായ മെയിന്റനൻസ് അറ്റകുറ്റപ്പണികൾ 82 ശതമാനം പൂർത്തീകരിച്ചിട്ടുണ്ട്. ട്രോമ കെയർ (ഫേസ്-1) നിർമ്മാണത്തിനുള്ള ആർക്കിടെക്ചറൽ ഡ്രോയിംഗ് ഫൈനലൈസ് ചെയ്ത് പുതുക്കിയ സാമ്പത്തിക അനുമതിക്കായി കിഫ്ബിയിൽ സമർപ്പിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായിവരുന്നു.

2023-24 സാമ്പത്തികവർഷത്തെ പ്ലാൻ ഫണ്ടിലുൾപ്പെടുത്തി കണ്ണൂർ സർക്കാർ മെഡിക്കൽ കോളേജിലെ ചെറുകിട മരാമത്ത് പണികൾക്കായി സർക്കാർ ഉത്തരവ് GO(Rt)No.1787/2023/H&FWD dated 21-07-2023

പ്രകാരം 2.15 കോടി രൂപയുടെയും 2024-25 സാമ്പത്തികവർഷത്തിലെ പ്ലാൻ ഫണ്ടിലുൾപ്പെടുത്തി കണ്ണൂർ സർക്കാർ മെഡിക്കൽ കോളേജിലെ ചെറുകിട മരാമത്ത് പണികൾക്കായി സർക്കാർ ഉത്തരവ് GO(Rt)No.1522/2024/H&FWD dated 24-06-2024 പ്രകാരം 2.15 കോടി രൂപയുടെയും ഭരണാനുമതി സർക്കാർ നൽകിയിട്ടുണ്ട്.

കണ്ണൂർ മെഡിക്കൽ കോളേജിലെ പാരാ മെഡിക്കൽ ഹോസ്റ്റൽ നിർമ്മിക്കുന്നതിനായി GO(Rt)No.721/2022/H&FWD dated 30-03-2022 പ്രകാരം 22.71 കോടി രൂപയുടെ സമഗ്ര ഭരണാനുമതിയും ഫേസ്-1 വർക്കുകൾക്കായി 3 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. തുടർന്ന് ഫേസ്-II വർക്കുകൾക്കായി GO(Rt)No.1922/2023/H&FWD dated 01-08-2023 പ്രകാരം 3 കോടി രൂപയും അനുവദിച്ചിട്ടുണ്ട്.

കണ്ണൂർ സർക്കാർ മെഡിക്കൽ കോളേജിന്റെ പി.ജി. ഹോസ്റ്റൽ നിർമ്മാണത്തിനായി 31-03-2022-ലെ സ.ഉ(സാധാ)നം.734/2022/ആ.കു.വ പ്രകാരം 28.16 കോടി രൂപയുടെ സമഗ്ര ഭരണാനുമതി നൽകിയിരുന്നു. ഇതിന്റെ നിർവഹണത്തിനായി 26-11-2022-ലെ സ.ഉ

(സാധാ)നം.2811/2022/ആ.കു.വ പ്രകാരം 2 കോടി രൂപയുടെ ഭരണാനുമതി അനുവദിച്ചിട്ടുണ്ട്.

2024-25 സാമ്പത്തിക വർഷത്തിൽ കണ്ണൂർ സർക്കാർ മെഡിക്കൽ കോളേജിലെ പി.ജി. ഹോസ്റ്റൽ നിർമ്മാണത്തിനായി 5 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. അത് അനുവദിക്കുന്നതിനായുള്ള ഭരണാനുമതി പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്.

കണ്ണൂർ മെഡിക്കൽ കോളേജിലെ ജീവനക്കാരുടെ ശമ്പളവും മറ്റ് അലവൻസുകളും സർക്കാർ നൽകിവരുന്നുണ്ട്. ഏറ്റെടുക്കൽ പ്രക്രിയ പൂർത്തിയാകുന്നതോടെ, അതായത് റഗുലറൈസേഷൻ നടപടികൾ പൂർത്തിയാകുന്നതോടെ മറ്റ് ജീവനക്കാർക്ക് ലഭിക്കുന്നതരത്തിൽ മുൻകാല പ്രാബല്യത്തോടെ ശമ്പളം പരിഷ്കരിച്ച് ലഭിക്കുന്നതാണ്.

ഇത്തരത്തിൽ കണ്ണൂർ ഗവൺമെന്റ് മെഡിക്കൽ കോളേജിലെ ജീവനക്കാരെ സർക്കാർ സർവീസിലേയ്ക്ക് ഏറ്റെടുക്കുന്നതിനുള്ള നടപടിക്രമങ്ങൾ വേഗത്തിലാക്കുന്നതിനും പുതിയ പി.ജി. കോഴ്സുകൾ ആരംഭിക്കുന്നതിനും ആവശ്യമായ തസ്തികകൾ സൃഷ്ടിക്കുന്നതിനും കേടായ ഉപകരണങ്ങൾ മാറ്റി

സ്ഥാപിക്കുന്നതിനും പുതിയ ഉപകരണങ്ങൾ വാങ്ങി സ്ഥാപിക്കുന്നതിനും നിർമ്മാണ പ്രവർത്തനങ്ങൾ വേഗത്തിലാക്കുന്നതിനും സർക്കാർ മുന്തിയ പരിഗണനയാണ് നൽകിവരുന്നത്.